ഉത്തരം

(എ) 9.43%.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

മന്ത്രിമാരുടെ വിമാനയാത്ര

34 [34] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന മന്ത്രി സഭയിലെ ഓരോ അംഗവും 2004 ജൂൺ 15 വരെ എത്ര തവണ വിമാനമാർഗ്ഗം ഡൽഹിക്ക് പോയിട്ടുണ്ട്;

(ബി) ഇതിനായി ഓരോരുത്തർക്കും ചെലവായ തുക എത്രവീതമെന്ന് അറിയിക്കാമോ;

(സി) ഇതേ കാലയളവിൽ സംസ്ഥാനത്തെ ഏതെല്ലാം മന്ത്രിമാർ വിദേശ പര്യടനം നടത്തിയിട്ടുണ്ട്;

(ഡി) ഇതിനായി ചെലവഴിച്ച തുക എത്രവീതമെന്ന് വെളിപ്പെടുത്താമോ;

(ഇ) ഇതേകാലയളവിൽ ഏതെല്ലാം വകുപ്പ് സെക്രട്ടറിമാരാണ് വിദേശപര്യടനം നടത്തിയിട്ടുള്ളത്; ഇതിനായി ചെലവഴിച്ച തുക എത്രവീതമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ ആന്റ് ബി) അനുബന്ധം 1-ൽ രേഖപ്പെടുത്തിയിട്ടുണ്ട്.†

(സി—ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ആലപ്പുഴ നഗര വികസനത്തിന്റെ മാസ്റ്റർപ്ലാൻ

35 [35] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിന്റെ സമഗ്ര വികസനത്തിന് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് മുഖ്യമന്ത്രി യോഗം വിളിച്ചിരുന്നുവോ;

(ബി) എങ്കിൽ എന്നാണ് പ്രസ്തുത യോഗം വിളിച്ചിരുന്നത്;

(സി) അന്ന് എടുത്തിരുന്ന തീരുമാനങ്ങൾ എന്തെല്ലാമാണ്; ഇവ പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ എടുത്തിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

---

†, † ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിളിച്ചിരുന്നു.

(ബി) 1-12-2003-ൽ

(സി) ഇപ്പോൾ ആലപ്പുഴ ജില്ലയുടെ ടൂറിസം മാസ്റ്റർപ്ലാനും മറ്റും തയ്യാറാക്കി വരുന്ന കൺസൾട്ടിംഗ് എൻജിനീയറിംഗ് സർവ്വീസസ് എന്ന സ്ഥാപനം ആലപ്പുഴ നഗരത്തിന്റെ സമഗ്ര വികസനത്തിന് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും ടി റിപ്പോർട്ടിൽ നഗരം ഇപ്പോൾ നേരിടുന്ന ഖരമാലിന്യ സംസ്ക്കരണം, ഡ്രെയിനേജ്, വിനോദ സഞ്ചാരം, കനാൽ വികസനം, ആരോഗ്യ പരിപാലനം, ഗതാഗതം എന്നിവയ്ക്ക് പരിഹാരവും രൂപരേഖയും ഉണ്ടായിരിക്കുന്നതാണ്. ടി പ്രോജക്ട് റിപ്പോർട്ടിൽ ടി പദ്ധതിക്കുള്ള ധനസമാഹരണത്തിന്റെ ഉറവിടവും ചെലവും സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്നവയായിരിക്കും. ടി പദ്ധതിയുടെ ആക്ഷൻ പ്ലാൻ വിശകലനം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും സംസ്ഥാനതലത്തിൽ ടൂറിസം വകുപ്പ് സെക്രട്ടറി നോഡൽ ഓഫീസറായി ഒരു എംപവേർഡ് കമ്മിറ്റിയും (മാറാട് മോഡൽ) ആലപ്പുഴ ജില്ലാ കളക്ടർ ചെയർമാനും ബന്ധപ്പെട്ട മറ്റു വകുപ്പുകളിലെ പ്രതിനിധികളും ജനപ്രതിനിധികളും ഉൾപ്പെടുന്ന ഒരു ജില്ലാതല കമ്മിറ്റിയും ഉണ്ടായിരിക്കും. ഈ പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം 535 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിക്കാനുള്ള നടപടിയും അടിയന്തിരമായി സ്വീകരിച്ചുവരുന്നു.

ഇലക്ടറൽ റോളിൽനിന്നും പേര് നീക്കം ചെയ്യുന്നതിനുള്ള നടപടി

36 [36] ശ്രീ. കെ. പി. വിശ്വനാഥൻ:
,, ലൂഡി ലൂയിസ്:
,, എൻ. ശക്തൻ:
,, കെ. എ. ചന്ദ്രൻ:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-ൽ സംസ്ഥാന നിയമസഭയിലേക്ക് നടന്ന വോട്ടെടുപ്പിൽ സംസ്ഥാനത്തൊട്ടാകെ ഇലക്ടറൽ റോളിൽ ഉണ്ടായിരുന്ന എത്രപേരുടെ പേരുകൾ 2004-ൽ ലോക്സഭയിലേക്ക് നടന്ന വോട്ടെടുപ്പിൽ വിട്ടുകളഞ്ഞു;

(ബി) ഇപ്രകാരം വിട്ടുകളഞ്ഞത് ഏതു വിധത്തിലായിരുന്നു;

(സി) ഒരാളിന്റെ പേര് ഇലക്ടറൽ റോളിൽനിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടിക്രമമെന്താണ്;

(ഡി) 2001-ലെ ഇലക്ടറൽ റോളിൽ ഉണ്ടായിരുന്നവരിൽ മരണമടഞ്ഞവരെ യൊഴിച്ച് മറ്റുള്ളവരെ നീക്കം ചെയ്തപ്പോൾ അവർക്ക് ഓരോരുത്തർക്കും വ്യക്തിപരമായി നോട്ടീസ് നൽകുകയും അത് അവർക്ക് കിട്ടുകയും ചെയ്തു എന്നുറപ്പുവരുത്തിയോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ട്?

LIBRARY ARCHIVES Kerala Legislative Assembly